**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3952** **28-06-2024 - ൽ മറുപടിയ്ക്ക്**

**നാലാം ലോക കേരള സഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,**<br>**ശ്രീ എം മുകേഷ് ,**<br>**ശ്രീമതി ദെലീമ,**<br>**ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | പ്രതികൂലമായ സാഹചര്യത്തിലും പ്രവാസി സമൂഹത്തെ ചേർത്തുപിടിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും ആവുന്നത്ര കാര്യങ്ങൾ പരിഹരിക്കുന്നതിനുമായി നാലാം കേരള സഭയുടെ സംഘാടനത്തിലൂടെ സാധ്യമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ; | (എ) | **പ്രതികൂലമായ സാഹചര്യത്തിലും പ്രവാസി സമൂഹത്തെ ചേർത്തുപിടിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും ആവുന്നത്ര കാര്യങ്ങൾ പരിഹരിക്കുന്നതിനുമായി നാലാം ലോക കേരള സഭയുടെ സംഘാടനത്തിലൂടെ സാധിച്ചിട്ടുണ്ട്. നാടിന്റെ വികസനത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന പ്രവാസികളെ ഭരണനിർവഹണത്തിനൊപ്പം ചേർത്തുനിർത്തുന്ന ജനാധിപത്യ പ്രക്രിയ ആണ് ലോക കേരള സഭ. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും, ക്രിയാത്മകമായ നിർദേശങ്ങളും സംഭാവനകളും നൽകുന്നതിനും, അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും കേരളത്തിലെ ജനപ്രതിനിധികളോട് ഒപ്പമുള്ള ഒരു പൊതുവേദി കൂടിയാണ് ലോക കേരള സഭ. ലോക കേരള സഭയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും, പൊതു സമ്മതവുമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് അനുഭാവപൂർണ്ണമായ നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുന്നു.** |
| (ബി) | സംസ്ഥാനത്തിന്റെ തനത് കലകളും സംസ്കാരവും വിദേശരാജ്യങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനും കഴിയത്തക്കവിധം കേരള | (ബി) | കേരള കലാമണ്ഡലത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ തനത് കലകളും സംസ്കാരവും വിദേശ രാജ്യങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും ബ്രാൻഡ് |

| | | | |
|---|---|---|---|
| | കലാമണ്ഡലത്തിന്റെ നേതൃത്വത്തിൽ വിവിധ രാജ്യങ്ങളിൽ പരിപാടി അവതരിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ ലോക കേരള സഭയിൽ ഉയർന്നുവന്നിട്ടുണ്ടോ; എങ്കിൽ അത് നടപ്പാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | | ചെയ്യുന്നതിനും കഴിയത്തക്കവിധം വിവിധ രാജ്യങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുക എന്ന നിർദ്ദേശം നാലാം ലോക കേരള സഭയിൽ ഉയർന്നുവന്നിരുന്നു. അതാത് രാജ്യങ്ങളിലെ ലോക കേരള സഭാ അംഗങ്ങൾ, പ്രവാസി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ പ്രസ്തുത ശിപാർശ നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ